# സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം ജില്ല -673 636. ഫോൺ: 2400749, 2400530. ഫാക്സ്: 2400530 (0494).
**website: www.skjmcc.com, Email: skjmccchelari@gmail.com**

## ജനറൽ അർദ്ധ വാർഷിക പരീക്ഷ

1. സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ 2019 ജനുവരി 1,2,3,5,6,7,8,9 (ചൊവ്വ, ബുധൻ, വ്യാഴം, ശനി, ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ) എന്നീ തിയ്യതികളിൽ (എട്ട് ദിവസങ്ങളിലായി) നടത്തേണ്ടതാണ്.
2. ഖുർആൻ, ഓറൽ, ഹിഫ്ള് പരീക്ഷകൾ അതത് ക്ലാസിലെ കുട്ടികളെ ഒരുമിച്ചിരുത്തി ചോദ്യപേപ്പറിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഭാഗങ്ങൾ ഓരോ കുട്ടിയെകൊണ്ടും ഓതിപ്പിച്ചു മാർക്ക് നൽകേണ്ടതാണ്.
3. ഖുർആൻ, ഹിഫ്ള് പരീക്ഷകൾ ടൈംടേബിളിൽ കാണിച്ചതനുസരിച്ച് 2,3,4 ക്ലാസുകൾ 7 മണിക്കും 9 മണിക്കുമിടയിലും 5,6,7 ക്ലാസുകൾ 9.30നും 11.30 നുമിടയിലുമായും നടത്തേണ്ടതാണ്.
4. ഹിഫ്ള് പരീക്ഷയിൽ ഖുർആനിനുപുറമെ അതത് ക്ലാസിലെ പാഠപുസ്തകങ്ങളിൽ നിന്നോ മുൻക്ലാസുകളിൽ നിന്നോ മനപാഠമാക്കേണ്ട ദിക്റ്, ദുആകൾ കൂടി ഉണ്ടായിരിക്കുന്നതാണ്.
5. ഒന്നാം ക്ലാസിലെ തഫ്ഹീം, ദുറൂസ് ചോദ്യപേപ്പറിൽ ഉത്തരമെഴുതാനുള്ള സൗകര്യമേർപെടുത്തിയിട്ടുള്ളതും അതനുസരിച്ച് കുട്ടികളെകൊണ്ട് എഴുതിക്കേണ്ടതുമാണ്.
6. ഈ വർഷത്തെ അർദ്ധ വാർഷിക പരീക്ഷയിൽ 10-ാം ക്ലാസ് ലിസാനിൽ 6 പാഠവും 11-ലെ ലിസാനിൽ 4 പാഠവും 12-ൽ 5 പാഠവും മറ്റു ക്ലാസുകളിൽ റബീഉൽ അവ്വൽ ഉൾപ്പെടെ സിലബസിൽ നിർദ്ദേശിക്കപ്പെട്ട പാഠഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
7. അർദ്ധവാർഷിക പരീക്ഷയുടെ ടൈംടേബിൾ, ചോദ്യപേപ്പർ വാങ്ങുന്നതിനുള്ള കത്ത് എന്നിവ ഇതോടൊപ്പം അയക്കുന്നു.
8. അർദ്ധവാർഷിക പരീക്ഷയിൽ ഒന്നാം ക്ലാസ് തഫ്ഹീമുത്തിലാവയുടെ ചോദ്യപേപ്പറിൽ ദുറൂസ് (അറബി മലയാളം) പാഠപുസ്തകത്തിലെ നാലു പാഠങ്ങളിൽ നിന്നുള്ള ചോദ്യം ഉണ്ടായിരിക്കുന്നതാണ്.
9. ഈ വർഷം മുതൽ പരീക്ഷക്ക് വിതരണം ചെയ്യുന്നത് 2017-ലെ പുതിയ എഡിഷൻ പാഠപുസ്തകങ്ങളനുസരിച്ച് തയ്യാർ ചെയ്ത ചോദ്യപേപ്പർ ആയിരിക്കും.
10. ചോദ്യപേപ്പറുകൾ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. ചേളാരി ഓഫീസ് ഒഴികെയുള്ള കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്ന ചെലവ് റെയ്ഞ്ച് തന്നെ വഹിക്കേണ്ടതാണ്.

| കേന്ദ്രങ്ങൾ | വിതരണ തിയ്യതി |
|---|---|
| 1. ദക്ഷിണ കർണാടക (മുനീറുൽ ഇസ്ലാം മദ്റസ കല്ലട്ക്ക) | 19-12-18 (ബുധൻ) |
| 2. ചെർക്കളം ഖുവ്വത്തുൽ ഇസ്ലാം മദ്റസ, കാസർഗോഡ് | 19-12-18 (ബുധൻ) |
| 3. ഇസ്ലാമിക് സെന്റർ കണ്ണൂർ | 24-12-18 (തിങ്കൾ) |
| 4. ശംസുൽ ഉലമാ സ്മാരകസൗധം. കൽപറ്റ, വയനാട് | 24-12-18 (തിങ്കൾ) |
| 5. കോഴിക്കോട് ജില്ല | 22-12-18 (ശനി) നിലവിൽ എത്തിക്കുന്നത് പോലെ |
| 6. മലപ്പുറം വെസ്റ്റ് | 25-12-18 (ചൊവ്വ) നിലവിൽ എത്തിക്കുന്നത് പോലെ |
| 7.സുന്നി മഹൽ മലപ്പുറം | 25-12-18 (ചൊവ്വ) |
| 8. സമസ്ത ഓഫീസ് ചേളാരി | 25-12-18 (ചൊവ്വ), 26-12-18 (ബുധൻ) |
| 9. തെക്കൻ ജില്ലകൾ | 16-12-18 (ഞായർ) (നിലവിലെ പോലെ) |

## പ്രത്യേക നിർദ്ദേശങ്ങൾ

1. പരീക്ഷ നടക്കുന്ന ദിവസങ്ങളിൽ പരീക്ഷ ഇല്ലാത്ത ക്ലാസുകൾക്ക് സൗകര്യപ്പെടുന്ന മദ്റസകളിലും സ്ഥലങ്ങളിലും ക്ലാസ് നടത്തേണ്ടതാണ്.
2. കേന്ദ്രങ്ങളിൽ എത്തിച്ചുതരുന്ന പേപ്പറുകൾ ഉടൻതന്നെ എണ്ണിത്തിട്ടപ്പെടുത്തേണ്ടതും വല്ല കുറവുകളോ മാറ്റങ്ങളോ കാണുകയാണെങ്കിൽ അപ്പോൾതന്നെ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
3. ചോദ്യപേപ്പർ ഏറ്റുവാങ്ങുന്നതിനും കുറവോ മാറ്റങ്ങളോ ഉള്ളവ പരിഹരിക്കുന്നതിനും ചെയർമാൻ തന്നെ വരേണ്ടതാണ്. അല്ലാത്തപക്ഷം പരീക്ഷാ ബോർഡ് അംഗങ്ങളെ മാത്രം രേഖയുമായി അയക്കേണ്ടതാണ്.

*മറുപുറം*

4. ചോദ്യപേപ്പർ ഓഫീസ് നിർദ്ദേശിക്കുന്ന സ്ഥലത്ത് വെച്ച് മാത്രമേ എണ്ണിയെടുക്കാൻ പാടുള്ളൂ. ഒരു കാരണവശാലും മറ്റുള്ളവർക്ക് ചോദ്യങ്ങൾ കാണുവാനുള്ള സാഹചര്യം ഉണ്ടാവാൻ പാടുള്ളതല്ല.
5. ചെയർമാന് ചോദ്യപ്പേപ്പറുകൾ കവർ ചെയ്യാൻ സഹായികൾ ആവശ്യമായി വരുന്ന പക്ഷം പരീക്ഷാ ബോർഡ് അംഗങ്ങളെ മാത്രം ഉപയോഗപ്പെടുത്തേണ്ടതും അല്ലാത്തവരെ ഒരു കാരണവശാലും ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.
6. പരീക്ഷാ സർക്കുലറിന്റെ കോപ്പി ഓരോ സ്വദർമാർക്കും നൽകേണ്ടതാണ്.
7. പരീക്ഷയുടെ ഭദ്രത നഷ്ടപ്പെടുത്തുന്ന ഒരു പ്രവർത്തനവും ചെയർമാൻമാരിൽ നിന്നോ മറ്റു മുഅല്ലിംകളിൽ നിന്നോ ഉണ്ടാകാൻ പാടുള്ളതല്ല. സ്കീമിന് വിപരീതമായി പരീക്ഷ നടത്താനും പാടുള്ളതല്ല. അങ്ങനെ എവിടെയെങ്കിലും നടന്നതായി വിവരം ലഭിക്കുന്ന പക്ഷം ആ റെയ്ഞ്ചിലെ മുഴുവൻ പരീക്ഷയും നിർത്തിവെക്കേണ്ടി വരുന്നതാണ്. അതിനാൽ ഉണ്ടാകുന്ന നഷ്ടത്തിന് സെൻട്രൽ കൗൺസിൽ ഉത്തരവാദിയാകുന്നതല്ല.
8. റെയ്ഞ്ചിലെ എല്ലാ മദ്റസകളിലും യഥാസമയം പരീക്ഷ നടക്കുന്നുണ്ടോ എന്ന് പരീക്ഷാ ബോർഡ് അന്വേഷിക്കേണ്ടതും വിസിറ്റ് ചെയ്യേണ്ടതുമാണ്.
9. ഓഫീസിൽ നിന്ന് ചോദ്യപേപ്പർ എണ്ണി എടുക്കുമ്പോഴും മദ്റസകൾക്ക് പേപ്പർ കവർ ചെയ്തുകൊടുക്കുമ്പോഴും വിഷയങ്ങൾ മാറിപ്പോവാതിരിക്കാനും എണ്ണത്തിൽ കുറവ് വരാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കവറുകൾ ഭദ്രമായി ഒട്ടിച്ചു കൊടുക്കേണ്ടതുമാകുന്നു.
10. പരീക്ഷ കഴിഞ്ഞാൽ ഒരാഴ്ചക്കകം മാർക്ക് ലിസ്റ്റ് റെയ്ഞ്ചിലേക്കും റെയ്ഞ്ചിൽ ലിസ്റ്റ് ലഭിച്ച ഉടനെ റെയ്ഞ്ച് സംക്ഷിപ്തം പൂരിപ്പിച്ചും ചെയർമാൻ, സെക്രട്ടറി, മുദരിബ്/മുഫത്തിശ് എന്നിവർ ഒപ്പ് വെച്ച് റെയ്ഞ്ച് ഫയലിൽ സൂക്ഷിക്കേണ്ടതും വാർഷിക പരീക്ഷ കഴിഞ്ഞാൽ ഒരു കോപ്പി ഒരാഴ്ചക്കകം ഓഫീസിൽ ഏൽപിക്കേണ്ടതുമാണ്. കഴിഞ്ഞവർഷത്തെ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എത്തിക്കാത്തവർ ഉടനെ എത്തിക്കേണ്ടതാണ്. (അല്ലാത്ത റെയ്ഞ്ചിന് ഗ്രാന്റ്, അലവൻസ് എന്നിവ തടയപ്പെടുന്നതാണ്.)

## ഫിഖ്ഹ് പ്രാക്ടിക്കൽ പരീക്ഷ 2018-19

**അർദ്ധവാർഷിക പരീക്ഷയോടൊപ്പം താഴെ പറയുന്ന നിബന്ധനകളോടെ 4,5 ക്ലാസുകളിലെ ഫിഖ്ഹ് വിഷയത്തിൽ പ്രാക്ടിക്കൽ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.**

1. നാലാം ക്ലാസിൽ നിസ്കാരവും അഞ്ചാം ക്ലാസിൽ വുളൂഉം ആയിരിക്കും വിഷയങ്ങൾ.
2. നിർദ്ദേശിക്കപ്പെട്ട ക്ലാസിലെ മുഴുവൻ കുട്ടികളെയും പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടതാണ്.
3. നിസ്കാരത്തിനുള്ള സ്ഥലവും വുളൂഅ് ചെയ്യാനുള്ള ഹൗളോ വാട്ടർ ടാപ്പോ മദ്റസാ പരിസരത്തും ഉണ്ടെന്ന് മുൻകൂട്ടി ഉറപ്പുവരുത്തേണ്ടതാണ്.
4. ഫിഖ്ഹിൽ എഴുത്ത് പരീക്ഷക്ക് പുറമെ 50 മാർക്കിന്റെ പ്രാക്ടിക്കൽ കൂടി ഉണ്ടായിരിക്കുന്നതും അത് കുട്ടിയുടെ വിജയശതമാനത്തിൽ ഉൾപെടുത്തേണ്ടതുമാണ്.
5. പ്രാക്ടിക്കൽ പരീക്ഷാ മാർക്ക് ചേർക്കാൻ കോളമില്ലാത്ത ക്ലാസുകളിൽ ആകെ എന്ന കോളം രണ്ടായി വിഭജിച്ച് ആദ്യപകുതിയിൽ പ്രാക്ടിക്കൽ പരീക്ഷയുടെ മാർക്കുകൾ ചേർക്കേണ്ടതും ബാക്കി പകുതിയിൽ ആകെ മാർക്ക് ചേർക്കേണ്ടതുമാണ്.
6. സ്വദർ മുഅല്ലിമിന്റെയും ക്ലാസ് പരീക്ഷക്ക് ഉത്തരവാദപ്പെട്ട മുഅല്ലിമിന്റെയും നേതൃത്വത്തിലായിരിക്കണം പരീക്ഷ നടക്കേണ്ടത്.
7. വുളൂഇന്റെയും നിസ്കാരത്തിന്റെയും പരീക്ഷകളിൽ ചൊല്ലേണ്ടതും ചെയ്യേണ്ടതുമായ മുഴുവൻ കാര്യങ്ങളും മാർക്കിൽ പരിഗണിക്കേണ്ടതാണ്.
8. പ്രാക്ടിക്കൽ പരീക്ഷക്ക് ഓരോ കുട്ടിക്കും മാർക്ക് മാനദണ്ഡങ്ങളടങ്ങുന്ന പ്രത്യേകം ചോദ്യപേപ്പർ ഉണ്ടായിരിക്കുന്നതും അതിൽ മാർക്കിടേണ്ട കോളത്തിൽ മാർക്ക് ചേർക്കേണ്ടതും പട്ടികയിൽ ചേർത്ത ശേഷം ചോദ്യപേപ്പർ രക്ഷിതാക്കളുടെ വിലയിരുത്തലിനായി കുട്ടികൾക്ക് തിരിച്ച് നൽകേണ്ടതുമാണ്.
9. പ്രാക്ടിക്കൽ പരീക്ഷയിൽ ഫസ്റ്റ്, സെക്കന്റ്, തേഡ് കിട്ടുന്ന വിദ്യാർത്ഥികൾക്ക് മദ്റസാ കമ്മിറ്റി പ്രത്യേക അനുമോദനം നൽകേണ്ടതാണ്.

06-11-18
ചേളാരി

എന്ന്
സെക്രട്ടറി, SKJMCC